**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1772** **19-01-2021 - ൽ മറുപടിയ്ക്ക്**

**അംഗീകാരമില്ലാത്ത കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം . ഉമ്മർ | | **Dr.K.T.Jaleel**<br>**(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലകൾ പരസ്പരം അംഗീകരിക്കാത്ത എത്ര കോഴ്സുകൾ ഇപ്പോൾ നിലവിലുണ്ട്; വിശദമാക്കാമോ; | (എ) | യു.ജി.സി അംഗീകാരമുള്ള എല്ലാ കേന്ദ്ര, സംസ്ഥാന, പ്രൈവറ്റ്, കൽപ്പിത സർവ്വകലാശാലകളുടെയും റഗുലർ പ്രോഗ്രാമുകൾക്കും കേരളത്തിനകത്തുള്ള സർവകലാശാലകളുടെ ഒരേ നാമകരണത്തിലുള്ള എല്ലാ റെഗുലർ യു.ജി., പി.ജി., കോഴ്സുകൾക്കും സംസ്ഥാനത്തെ സർവകലാശാല തുല്യത സർട്ടിഫിക്കറ്റ് നൽകുന്നുണ്ട്. എന്നാൽ വ്യത്യസ്ത നാമകരണത്തി ലുള്ള കോഴ്സുകളുടെയും വിദൂര വിദ്യാഭ്യാസ കോഴ്സുകളുടെയും തുല്യതയെ സംബന്ധിച്ച അന്തിമ തീരുമാനം കൈക്കൊള്ളേണ്ടത് അതാത് സർവകലാശാലയുടെ അക്കാദമിക് സമിതിയാണ്. |
| (ബി) | ഈ കോഴ്സുകൾ പരസ്പരം അംഗീകരിക്കണമെന്ന ശുപാർശ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | അക്കാദമിക് പ്രോഗ്രാമുകളുടെയും ബിരുദങ്ങളുടെയും പേരുകൾ, അംഗീകാരം, തുല്യത തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട, പരിഹരിക്കപ്പെടാത്ത പ്രശ്നങ്ങൾ സർവ്വകലാശാലകൾക്കും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും എംപ്ലോയ്മെന്റ് ഏജൻസികൾക്കും, ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖാന്തിരം, SLAC ന്റെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണ്. മേൽവിഷയ ങ്ങൾ സംബന്ധിച്ചുള്ള പരാതികൾ വിദ്യാർത്ഥികൾക്കും ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേനെ SLAC ന്റെ തീരു മാനത്തിന് സമർപ്പിക്കാവുന്നതാണ്. |
| (സി) | അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി ഏറ്റവും ഒടുവിൽ യോഗം ചേർന്നതെന്നാണ്; ഈ സമിതിയുടെ പ്രധാന ശുപാർശകൾ ഏതെല്ലാമാണ്; വിശദമാക്കാമോ? | (സി) | അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി നിലവിൽ പ്രവർത്തിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ